**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

19.02.2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.2663

## ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 75 ലക്ഷം രൂപ വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 4 സർക്കാർ പോളിടെക്നിക്കുകളിലും 2014-15 വർഷം, ടെക്നോളജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകുകയും, പദ്ധതിക്കായി 75 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിലേക്കായി ഓരോ സ്ഥാപനങ്ങളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനും, കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികൾ, സോഫ്റ്റ് വെയറുകൾ ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, ക്ലാസ് മുറികൾ, റ്റി.ബി.ഐ. ഓഫീസ് എന്നിവ ക്രമീകരിക്കുക, ക്യൂബിക്കിളുകൾ നിർമ്മിക്കുക, സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക, ട്രെയിനിംഗ് പ്രോഗ്രാം നടത്തുക എന്നീ പ്രവർത്തനങ്ങൾക്കുമായി 2014-15 വർഷം 58.36 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ